(എ) കണ്ണൂർ ജില്ലയിലെ മാങ്ങാട്ട് പറമ്പിൽ നിർമ്മാണം ആരംഭിച്ച സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനം കരാറുകാരായ കൺസ്ട്രക്ഷൻ കോർപ്പറേഷൻ പൂർത്തീകരിച്ചിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കരാറുകാരെ ഒഴിവാക്കി റീ-ടെണ്ടർ ചെയ്ത് പണി പൂർത്തീകരിക്കുവാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കരാർ ഏറ്റെടുത്ത സ്ഥാപനത്തിന് ഫൈനൽ നോട്ടീസ് നൽകിയിട്ടുണ്ട്. പ്രവൃത്തി തുടങ്ങാത്ത പക്ഷം കരാർ റദ്ദ് ചെയ്ത് വീണ്ടും ടെണ്ടർ ചെയ്യുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കാലിക്കടവിലെ വിശ്രമ മന്ദിര നിർമ്മാണം

121 [434] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ കാലിക്കടവിൽ പൊതുമരാമത്ത് വകുപ്പ് വിശ്രമമന്ദിരത്തിന്റെ നിർമ്മാണത്തിന് ടെണ്ടർ നടപടികൾ പൂർത്തിയായിട്ടും, ഇതേവരെ പ്രവൃത്തി ആരംഭിക്കുവാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന്, അറിയിക്കാമോ;

(ബി) നിർമ്മാണ പ്രവൃത്തി നടത്തേണ്ട സ്ഥലത്തിനടുത്തുള്ള ഒരു സ്വകാര്യ വ്യക്തി, പ്രവൃത്തിക്കെതിരെ കോടതിയിൽനിന്നു സ്റ്റേ വാങ്ങിയത് ഒഴിവാക്കി കിട്ടുന്നതിന് സർക്കാർ കോടതിയെ സമീപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പ്രസ്തുത നിർമ്മാണ പ്രവൃത്തിക്കെതിരെ ഒരു സ്വകാര്യ വ്യക്തി ഫയൽ ചെയ്ത അന്യായത്തിന്മേൽ ഹോസ്ദുർഗ് മുൻസിഫ് കോടതി സ്റ്റേ ഉത്തരവ് നൽകിയിട്ടുണ്ട്. അതിൻപ്രകാരം തുടർനിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവച്ചിരിക്കുകയാണ്.

(ബി) ഉണ്ട്. പൊതുമരാമത്ത് വകുപ്പ് അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിൽ ഫോൺ അനുവദിക്കാൻ നടപടി

122 [435] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യു.ഡി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിൽ ഫോൺ അനുവദിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly